സംഘടനയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റിയുടെ ആവശ്യകത ലോൺ തുകയുടെ 100% എന്നത് 50% ആക്കി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നാഷണലൈസ്ഡ് ബാങ്കുകൾ മാർക്കറ്റ് വാല്യൂ അനുസരിച്ച് പ്രോപ്പർട്ടി വാല്യൂ നിശ്ചയിക്കുന്ന സമ്പ്രദായം കെ.എഫ്.സി.-ക്കും അനുവർത്തിക്കാമോ എന്ന് വ്യക്തമാക്കാമോ?

മാർക്കറ്റ് വാല്യൂ അനുസരിച്ച് വസ്തുവിന്റെ വില കണക്കാക്കുമ്പോൾ പലപ്പോഴും വ്യത്യസ്തമായ വിലകളാണ് ഒരേ വസ്തുവിന് ലഭിക്കാറുള്ളത്. അതു കൂടാതെ തിരിച്ചടവ് മുടങ്ങിയ വായ്പകളിൽ കോർപ്പറേഷൻ വസ്തുക്കൾ വിൽപ്പന നടത്തുന്ന അവസരത്തിൽ മാർക്കറ്റ് വാല്യൂ അനുസരിച്ച് വില കണക്കാക്കിയ വസ്തുക്കളിൽ ഈ വിലയുടെ പകുതിപോലും ലഭിക്കാതെ കോർപ്പറേഷന് സാമ്പത്തിക നഷ്ടംവരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ഈ വിഷയത്തിൽ കൂടുതൽ സുതാര്യത അവലംബിക്കാനാണ് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ വസ്തുവിന്റെ വില നിശ്ചയിക്കുന്ന രീതി സ്വീകരിച്ചത്.

(ഡി) കെ.എഫ്.സി. മുമ്പ് കരാറുകാർക്ക് അനുവദിച്ച വായ്പകൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

റദ്ദ് ചെയ്തിട്ടില്ല.

### കെ.എസ്.എഫ്.ഇ. ഇന്റേണൽ വിജിലൻസ് വിഭാഗം

119 (2403) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ ചുമതലകൾ വിശദമാക്കുമോ; പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.എഫ്.ഇ.യുടെ മുഴുവൻ ശാഖകളും (620), മേഖല ഓഫീസുകളും (13), സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (റവന്യൂ റിക്കവറി) ഓഫീസുകൾ (10), കേന്ദ്ര കാര്യാലയത്തിലെ വിവിധ വകുപ്പുകൾ എന്നിവയുടെ പ്രവർത്തനം ഓഡിറ്റ് ചെയ്യുക, ഈ സ്ഥലങ്ങളിലെല്ലാം കമ്പനിയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും പുറമെ, സർക്കാർ, മറ്റ് വിവിധ റെഗുലേറ്റിംഗ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള നിർദേശങ്ങളും ചട്ടങ്ങളും പാലിച്ചുതന്നെയാണ് ശാഖകളും മറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് ഓഡിറ്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. കൂടാതെ ഓഡിറ്റ് ടീമുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുകൾ കേന്ദ്ര/മേഖല ഓഫീസ് തലത്തിൽ അവലോകനം ചെയ്ത് അതത് ഓഫീസ്/വകുപ്പ് മേധാവികൾക്ക് ആവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും നൽകുക, ഓഡിറ്റ് ക്വറികൾ തീർപ്പാക്കിയെന്ന് ഉറപ്പുവരുത്തി അന്തിമ റിപ്പോർട്ടുകൾ തയ്യാറാക്കുക, ആയത് അടിയന്തര നടപടിക്കായി മേലുദ്യോഗസ്ഥന് കൈമാറുക എന്നിവയും ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ചെയ്തു വരുന്നു. പതിവ് ഓഡിറ്റിനു പുറമെ, കമ്പനി പുതുതായി തുടങ്ങിയ പ്രിവന്റീവ് വിജിലൻസ് ടീമുകളും ഫലപ്രദമായി പ്രവർത്തിക്കുന്നു. ശാഖകളിൽ/ ഓഫീസുകളിൽ ആകസ്മിക സന്ദർശനം നടത്തി രേഖകളും കണക്കുകളും പരിശോധിക്കുക, അടിയന്തര ഇടപെടലുകൾ വേണ്ട സാഹചര്യത്തിൽ ഉടൻ തന്നെ റിപ്പോർട്ടുകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് അയയ്ക്കുക എന്നീ ചുമതലകളും അവർ നിർവ്വഹിക്കുന്നു. ഗുരുതരമായ സാമ്പത്തിക തിരിമറികൾ, മറ്റ് ക്രമക്കേടുകൾ എന്നിവ കാണുന്ന മുറയ്ക്ക് അത്തരം കേസ്സുകളിൽ പ്രത്യേകം അന്വേഷണം നടത്തി റിപ്പോർട്ടുകൾ യഥാസമയം അച്ചടക്ക നടപടികൾക്കായി സമർപ്പിക്കുന്നുണ്ട്. നിലവിൽ മുഴുവൻ ശാഖകളുടെയും/ ഓഫീസുകളുടെയും 2020 മാർച്ച് 31 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്പോൾ 2020-21 വർഷത്തെ ആഭ്യന്തര ഓഡിറ്റാണ് ചെയ്തുവരുന്നത്.

(ബി) കഴിഞ്ഞ 4 വർഷക്കാലയളവിനുള്ളിൽ കെ.എസ്.എഫ്.ഇ.-യിലെ ആഭ്യന്തര പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വ്യക്തമാക്കുമോ?

ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ വ്യക്തിഗത-മാനവ വിഭവശേഷി വകുപ്പ് ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർവ്വീസിൽനിന്ന് പിരിച്ചു വിടൽ, സസ്പെൻഷൻ, ഇൻക്രിമെന്റ് തടയൽ, താക്കീത് നൽകൽ മുതലായവയാണ് ക്രമക്കേടുകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ.

**കെ.എസ്.എഫ്.ഇ.യിലെ ഡാറ്റാ എൻട്രി ജീവനക്കാർ**

120(2404) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഇപ്പോൾ എത്ര ഡേറ്റാ എൻട്രി ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly